**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *38** | **03-03-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ച

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.ഒ. ആർ. കേളു**<br>**,, യു. ആർ. പ്രദീപ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | പ്രത്യക്ഷ - പരോക്ഷ രീതിയിൽ പതിനഞ്ച് ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്ന സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ചക്കായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ വിനോദ സഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ചക്കായി സർക്കാർ സ്വീകരിച്ചിരിക്കുന്ന ഒരു മാർഗ്ഗമാണ് ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങൾ. വിനോദ സഞ്ചാര മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയരായ സാധാരണക്കാർക്ക് ലഭ്യമാക്കുക, ഉത്തരവാദിത്തപൂർണ്ണമായ ഒരു വിനോദ സഞ്ചാര സംസ്കാരം വളർത്തിയെടുക്കുക, അതിലൂടെ ടൂറിസം വ്യവസായത്തിന്റെയും, ടൂറിസം കേന്ദ്രങ്ങളുടെയും സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമായ വികസനം ഉറപ്പാക്കുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ കാതൽ. ഈ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാൻ 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>• ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരി-ക്കുന്നതിനു പ്രോത്സാഹനം നൽകുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | • ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.<br>• പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.<br>• ഗ്രാമീണ ടൂർ പാക്കേജുകൾ/ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ ആരംഭിക്കുക, അവ പ്രൊമോട്ട് ചെയ്യുക<br>• ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.<br>• പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുകയും ചെയ്യുക.<br>• ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.<br>• ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.<br>• പരമ്പരാഗത കല, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും അതിനായുള്ള വിവിധ പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുകയും ചെയ്യുക.<br>• ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക<br>• തദ്ദേശവാസികളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യമായ എല്ലാ |

| | | | |
|---|---|---|---|
| | | | തൊഴിൽ പരിശീലനങ്ങളും നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ അവബോധ പ്രവർത്തനങ്ങൾ നടത്തുക. |
| (ബി) | വിനോദസഞ്ചാര വ്യവസായത്തിന് പ്രകൃതി ദുരന്തങ്ങളും നിപ, കൊറോണ തുടങ്ങിയ പകർച്ചവ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 2018 മെയ് മാസത്തിൽ ആണ് സംസ്ഥാനത്ത് ആദ്യമായി നിപ രോഗം റിപ്പോർട്ട് ചെയ്തത്. 2018 മെയ് മാസം മുതൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വർദ്ധനവാണ് ഉണ്ടായത്.<br>എന്നാൽ 2018 കലണ്ടർ വർഷത്തിൽ ആദ്യത്തെ നാലുമാസങ്ങളിലെ വളർച്ചാനിരക്കുകളായ 16.49%, 18.58%, 21.04%, 21.21% എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ നിപ ബാധയുമായി ബന്ധപ്പെട്ട് ആഭ്യന്തര വളർച്ചാനിരക്കിൽ വലിയ ഇടിവ് സംഭവിച്ചതായി കാണാം. തുടർന്ന് 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയമാണ് പിന്നീട് ഉള്ള മാസങ്ങളിലെ നെഗറ്റീവ് വളർച്ചാനിരക്കിന് കാരണം. എന്നാൽ സർക്കാരിന്റെയും വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2020 ആദ്യപാദത്തിലെ (ജനുവരി, ഫെബ്രുവരി, മാർച്ച്) സ്ഥിതിവിവരകണക്കുകൾ അന്തിമമാക്കിയാലേ കൊറോണ വൈറസ് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ എത്രത്തോളം ബാധിച്ചു എന്ന് മനസിലാക്കാൻ സാധിക്കൂ. |

| | | | |
|---|---|---|---|
| | | | വിനോദ സഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും മറ്റു പകർച്ച വ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ ടൂറിസം വകുപ്പ് പന്ത്രണ്ടിന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.<br>1. അടിയന്തര പ്രാധാന്യത്തോടെ തകർന്നുകിടക്കുന്ന റോഡുകളുടെ നിർമ്മാണം.<br>2. ടൂറിസം സജ്ജമാക്കൽ സർവെ<br>3. കേരള ട്രാവൽ മാർട്ട്<br>4. ലണ്ടനിൽ നടന്ന ഡബ്ല്യു.ടി.എം.<br>5. കൊച്ചി മുസിരിസ് ബിനാലെ<br>6. കേരളം തിരിച്ചുവന്നുവെന്നു കാണിക്കുന്ന തരത്തിൽ അത്യുത്സാഹത്തോടെയുള്ള ഡിജിറ്റൽ പരസ്യ പ്രചരണം<br>7. മാധ്യമ പബ്ലിക് റിലേഷൻസ് കൈകാര്യം ചെയ്യൽ<br>8. ബ്രാൻഡ് പ്രചരണം<br>9. ട്രേഡ് ഫെയറുകളിൽ പങ്കെടുക്കലും റോഡ് ഷോ സംഘടിപ്പിക്കലും<br>10. വള്ളംകളി ലീഗ് മത്സരങ്ങൾ<br>11. അടിസ്ഥാന സൗകര്യവികസനത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ<br>12. സമൂഹത്തിന്റെ ഇടപെടലുകളോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ.<br><br>മേൽ പരിപാടികൾ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കിയതിനാൽ പ്രളയവും മറ്റു പകർച്ചവ്യാധികളും ഉണ്ടാക്കിയ പ്രതിബന്ധം മറികടക്കുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര വിപണനത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | വിനോദസഞ്ചാര വികസനത്തിന് വകുപ്പ് താഴെപറയുന്ന പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.<br><br>• "IT's Time for Kerala" എന്ന ആശയത്തിൽ ഊന്നിയ പ്രചാരണ പരിപാടികൾ.<br>• ഇന്ത്യയിലെ വിവിധ സിനിമ സ്ക്രീനുകളിൽ നൽകിയ പരസ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | • രാജ്യത്തിനകത്തും പുറത്തുമുള്ള പത്രങ്ങളിലും മാസികകളിലും നടത്തിയ പരസ്യ പ്രചാരണം.<br>• "Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• FAM ടൂറുകൾ സംഘടിപ്പിക്കൽ.<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• കൂടുതൽ ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം.<br>• കൂടുതൽ ദേശീയ അന്തർദേശീയ സിറ്റികളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ.<br>• ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ.<br>• ചാമ്പ്യൻസ് ബോട്ട് ലീഗ്<br>• കേരള ബ്ലോഗ് എക്സ്പ്രസ്സ്<br>• OOH ക്യാമ്പയിനുകൾ<br>• വിദേശ വിപണികളിൽ ബസ്/ക്യാബ്/ട്രാം ബ്രാൻഡിംഗ്<br>• ലണ്ടൻ ട്യൂബ് ബ്രാൻഡിംഗ്. |
| (ഡി) | യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിദേശ വിനോദസഞ്ചാരികളുടെ 2018 കലണ്ടർ വർഷംവരെയുള്ള രാജ്യം തിരിച്ചുള്ള കണക്കുകൾ ആണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പ്രകാരം യൂറോപ്പിൽ നിന്നുള്ള സഞ്ചാരികളുടെ വരവിൽ 2017 കലണ്ടർ വർഷത്തെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**